# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3179** | **19.06.2018-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.മുരളീധരൻ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) തിരുവനന്തപുരം നഗരത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (എ) തിരുവനന്തപുരം നഗരസഭ വികേന്ദ്രീകൃത മാലിന്യ സംസ്കരണമാണ് നടപ്പിലാക്കി വരുന്നത്. വീടുകളിലെ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് കിച്ചൺ ബിൻ - ബയോ കമ്പോസ്റ്റർ സ്ഥാപിക്കുന്നതിനും, പൊതു നിരത്തുകളിലെ മാലിന്യം സംസ്കരിക്കുന്നതിന് എയ്റോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിനും പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയത് 100 വാർഡുകളിലും വ്യാപിപ്പിക്കുന്ന പ്രവർത്തനമാണ് നടന്നു വരുന്നത്. കൂടാതെ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കേന്ദ്രീകൃത ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്ന വിഷയവും പരിഗണനയിൽ ഉണ്ട്. |
| (ബി) കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും നഗരം അഭിമുഖീകരിക്കുന്ന മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ സർവ്വേ നടത്തി പരിഹാരം കാണുന്നതിന് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) തിരുവനന്തപുരം നഗരസഭ പരിധിയിൽ ഉണ്ടാവുന്ന മാലിന്യത്തിന്റെ തോത് അവ സംസ്കരിക്കുന്നതിനു അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ശാസ്ത്രീയമായി മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനും 25 ഹെൽത്ത് സർക്കിൾ കേന്ദ്രീകരിച്ച് 100 വാർഡുകളിൽ സർവ്വെ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) ഇത്തരം ഒരു സർവ്വേ നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് സർവ്വെ നടത്തുന്നതിന് പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല നഗരസഭ ആരോഗ്യ വിഭാഗം ജീവനക്കാരെ തന്നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിലവിൽ തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ